ചാത്തന്നൂർ ഡിപ്പോയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അന്തർ സംസ്ഥാന ടൂറിസ്റ്റ് ലക്ഷ്വറി ബസ്സുകളുടെ അപകടം

248 (3355) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ലക്ഷ്വറി ബസ്സുകൾ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രി സർവ്വീസ് നടത്തുന്ന ബസ്സുകളിൽ രണ്ട് ഡ്രൈവർമാർ വേണമെന്ന മോട്ടോർ വാഹനചട്ടങ്ങളിലെ നിബന്ധന പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ നിബന്ധന കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ റോഡിൽ വാഹനപരിശോധന നടത്തുന്ന വേളയിൽ ഈ വിഷയം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്.

സൂപ്പർക്ലാസ്സ് പെർമിറ്റ് റൂട്ടുകൾ

249 (3356) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്റൂട്ടുകളിൽ സൂപ്പർക്ലാസ്സ് പെർമിറ്റ് റൂട്ടുകളായി എത്രയെണ്ണമാണ് നിശ്ചയിച്ചിട്ടുള്ളത്; അവയേതൊക്കെ;

(ബി) പ്രസ്തുത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നിശ്ചയിച്ചുകൊണ്ട് എന്നാണ് സർക്കാർ ഉത്തരവായത്; ഈ ഉത്തരവ് സർക്കാർ പുനഃപരിശോധിച്ചിട്ടുണ്ടോ; അതിൻപ്രകാരം സ്വകാര്യ ബസ്സുകൾക്കും തുടർന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ തീരുമാനം മാറ്റി സ്വകാര്യ ബസ്സുകൾക്ക് വീണ്ടും പെർമിറ്റ് നൽകാൻ തീരുമാനിച്ചത് എന്തുകൊണ്ട്; വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ കേസ്സുണ്ടോ; കേസിൽ വിധി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സൂപ്പർ ക്ലാസ് റൂട്ടുകളിൽ പുതുതായി എത്ര റൂട്ടുകളിലാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കാത്തത്, കാരണം വ്യക്തമാക്കുമോ;

(ഇ) നിലവിൽ സൂപ്പർ ക്ലാസ്സ് പെർമിറ്റ് റൂട്ടുകളിൽ എല്ലാംതന്നെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമാന്തരമായി സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ; ഇത് കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തെ ബാധിക്കാറില്ലെ; ഇത്തരം കേസ്സുകളിൽ എന്ത നിലപാടാണ് സ്വീകരിക്കുന്നത്?

ഉത്തരം

(എ) ബസ് റൂട്ടുകളെ സൂപ്പർ ക്ലാസ്സ് പെർമിറ്റ് റൂട്ടുകളായി തരം തിരിച്ചിട്ടില്ല. എന്നാൽ ബസ് സർവീസുകളിൽ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ എക്സ്പ്രസ്, ഡീലക്സ്, സൂപ്പർ ഡീലക്സ് എന്നീ സർവീസുകളെയാണ് സൂപ്പർ ക്ലാസ്സ് സർവീസുകൾ എന്ന് കണക്കാക്കുന്നത്. കെ.എസ്.ആർ.ടി.സി. ഇത്തരത്തിലുള്ള 1165 സർവീസുകൾ നടത്തിവരുന്നുണ്ട്. കൂടാതെ മുൻപ് പെർമിറ്റ് നല്കിയിട്ടുള്ളതും പെർമിറ്റ് കാലാവധി അവസാനിക്കാത്തതുമായ 49 സ്വകാര്യ സൂപ്പർക്ലാസ്സ് സർവീസുകളും സർവീസ് നടത്തി വരുന്നുണ്ട്.

(ബി & സി) ഓർഡിനറി ബസുകൾക്ക് 140 കിലോമീറ്റർ വരെ സർവ്വീസ് നടത്താം. മോട്ടോർ വാഹന ചട്ടങ്ങളിലെ ചില പഴുതുകൾ ഉപയോഗിച്ച് 70 കിലോമീറ്ററിന് മുകളിൽ റൂട്ട് ദൈർഘ്യമുള്ള സ്വകാര്യ ഓർഡിനറി പെർമിറ്റുകൾ ഫാസ്റ്റ്പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകളായി നിരവധി വർഷങ്ങളായി കൺവെർട്ട് ചെയ്ത് വരികയായിരുന്നു. എന്നാൽ എല്ലാ സൂപ്പർ ക്ലാസ്സ് സർവീസുകളും മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 100 പ്രകാരം നിഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് എസ്.ആർ.ഒ. നമ്പർ 555/13 ആയി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. സൂപ്പർ ക്ലാസ്സ് സർവീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തിയ സർക്കാർ വിജ്ഞാപനം ഇപ്പോഴും നിലനിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിൻപ്രകാരം ടി വിജ്ഞാപനം നിലവിൽ വരുന്നതിന് മുൻപ് സൂപ്പർക്ലാസ്സ് പെർമിറ്റ് ലഭ്യമായതും പെർമിറ്റ് കാലാവധി അവസാനിക്കാത്തതുമായ 49 സ്വകാര്യ സൂപ്പർ ക്ലാസ്സ് സർവീസ് പെർമിറ്റുകൾ ഒഴികെയുള്ള എല്ലാ പെർമിറ്റുകളും കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുകയുണ്ടായി. പെർമിറ്റ് തീരുന്ന മുറയ്ക്ക് അവയും കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുന്നതാണ്. സ്വകാര്യ ഓപ്പറേറ്റർമാർക്ക് പുതുതായി സൂപ്പർക്ലാസ്സ് പെർമിറ്റ് അനുവദിച്ചിട്ടില്ല. എന്നാൽ മുൻപ് സ്വകാര്യ സൂപ്പർക്ലാസ്സ് സർവീസ് ആയി ഓപ്പറേറ്റ് ചെയ്തിരുന്ന പെർമിറ്റുകൾ റൂട്ട് ദൈർഘ്യം കണക്കാക്കാതെ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസ് പെർമിറ്റ് ആക്കി മാറ്റുന്നതിന് അനുമതി നല്കിയിട്ടുണ്ട്. സ്വകാര്യ ഓപ്പറേറ്റർമാരുടെ അവശേഷിക്കുന്ന 49 സൂപ്പർ ക്ലാസ്സ് സർവീസ് പെർമിറ്റുകളും കാലാവധി തീരുന്ന മുറയ്ക്ക് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസ് ആയി മാറ്റുന്നതാണ്. ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 20-8-2015-ലെ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. അതിന്റെ വിധി വന്നിട്ടില്ല.

(ഡി) യാത്രക്കാരുടെ ആവശ്യം, ലാഭകരമായി സർവീസ് നടത്തുന്നതിന്റെ പ്രായോഗികവും സാമ്പത്തികവുമായ കാര്യങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങൾ കണക്കിലെടുത്തുമായിട്ടാണ് കെ.എസ്.ആർ.ടി.സി. പുതുതായി സൂപ്പർ ക്ലാസ്സ് സർവീസുകൾ ആരംഭിക്കുന്നത്.

(ഇ) കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത സ്വകാര്യ മേഖലയിലെ സൂപ്പർക്ലാസ്സ് സർവീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് നിലനിർത്തിക്കൊണ്ട് 20-8-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം നേരത്തെ സ്വകാര്യ ഓപ്പറേറ്റർമാർ ഓപ്പറേറ്റ് ചെയ്തിരുന്ന സൂപ്പർക്ലാസ്സ് പെർമിറ്റുകൾ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസുകളായി കൺവെർട്ട് ചെയ്ത് നടത്തുവാനുള്ള അനുമതി നല്കിയിട്ടുണ്ട്. അവയും കെ.എസ്.ആർ.ടി.സി.ക്കൊപ്പം സർവീസ് നടത്തുന്നുണ്ട്. ഇത്തരം സർവീസുകൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി അനുവദിച്ചു നല്കിയ സമയക്രമം പ്രകാരമാണ് സർവീസ് നടത്തുന്നത്. നിലവിലുള്ള സമയക്രമംമൂലം കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തിൽ കുറവ് വരുന്നതായി കണ്ടതിനെത്തുടർന്ന് സമയം പുനഃക്രമീകരിക്കുന്നതിനായി ബന്ധപ്പെട്ട ആർ.ടി.എ.കളിൽ കെ.എസ്.ആർ.ടി.സി. പരാതി നല്കി വരുന്നുണ്ട്. അവ ആർ.ടി.എ.കൾ പരിശോധിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.